PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

First Session—1964.

Wednesday, the 1st April, 1964

Vol. XVIII] OFFICIAL REPORT [No. 36

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 1st April, 1964 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS

ഗിരിവർഗ്ഗക്ഷേമ പ്രവർത്തനങ്ങൾ.

* 962. [1] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗിരിവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി ഗവണ്മെൻറ് ചെയ്യുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തു് കേന്ദ്രഗവണ്മെൻറിൻറെ സഹായത്തോടുകൂടി ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം ;

(സി) ഇതിൽ പൂർത്തിയായ പദ്ധതികൾ (Pilot Schemes) ഏതെല്ലാം; പൂർത്തിയാകാത്തവ ഏതെല്ലാം ;

(ഡി) ഓരോ സ്കീമിനുവേണ്ടി ചെലവാക്കുവാൻ ഉദ്ദേശിച്ചിരുന്ന സംഖ്യ എത്ര ;

(ഈ) ഓരോന്നിനും ചെലവായതെത്ര ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ, ബി, സി) വിശദവിവരങ്ങൾ അടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.*

(ഡി, ഈ) പൈലറ്റ് സ്കീമുകൾക്കുവേണ്ടി മൊത്തത്തിൽ 9,12,000 രൂപ നീക്കിവച്ചിട്ടുണ്ടായിരുന്നതിൽ 6,06,005 രൂപ ചെലവായി. ഓരോ പദ്ധതിക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടായിരുന്ന തുകയേയും, ചെലവായ തുകയേയുംപറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഒൻപതു ലക്ഷത്തോളം രൂപ നീക്കിവച്ചതിൽ ആറുലക്ഷത്തോളംമാത്രമേ ചെലവാക്കാൻ സാധിച്ചിട്ടുള്ളുവെന്നു കാണുന്നു. ബാക്കി ചെലവഴിക്കാതിരിക്കാനുള്ള കാരണം എന്താണു് ? ബാക്കിയുള്ള തുകകൂടി ഉപയോഗിച്ചു് പൂർത്തിയാക്കാത്ത പദ്ധതികൾ പൂർത്തിയാക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഇതു് രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കാലഘട്ടത്തിൽ നീക്കിവച്ച സംഖ്യയാണു്. ബാക്കിയുള്ള സംഖ്യ രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കാലഘട്ടം കഴിഞ്ഞതുകൊണ്ടു് ചെലവാക്കാൻ സാധിക്കുകയില്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ആദിവാസികളുടെ ക്ഷേമത്തിനുവേണ്ടി പല കാര്യങ്ങളും ഗവണ്മെൻറിൽനിന്നും ചെയ്യുന്നുണ്ടു്. അവർ വനപ്രദേശങ്ങളിൽ കൃഷി ചെയ്തു് ഉപജീവനം കഴിക്കുന്നവരാണു്. അക്കാരണത്താൽ ആദിവാസികൾക്കു് വനപ്രദേശങ്ങളിൽ അഞ്ചേക്കർ വീതം പതിച്ചുകൊടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : പൊതുവേ എല്ലാ പ്രദേശങ്ങളിലും അഞ്ചേക്കർ വീതം ആദിവാസികൾക്കു് പതിച്ചു കൊടുക്കാൻ സാധിക്കുകയില്ല. പൈലറ്റ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ മൂന്നേക്കർ വീതം കൊടുക്കാൻ സാധിച്ചിട്ടുണ്ടു്.

ശ്രീ. ഓ. കോരൻ : ഗിരിവർഗ്ഗക്കാരുടെ ഉന്നമനത്തിനുവേണ്ടി ഇതര സ്റ്റേറ്റുകളിൽ പന്ത്രണ്ടു് ലക്ഷത്തോളം രൂപ ചെലവഴിച്ചു് ടൈബൽ റിസർച്ചു് ഇൻസ്റ്റിറ്റ്യൂഷനുകൾ സ്ഥാപിച്ചിട്ടുണ്ടു്. അതു് ഗിരിവർഗ്ഗക്കാർക്കു് മറ്റുള്ളവരുമായി ഇടപഴകുന്നതിനും, പലവിധത്തിലുള്ള ഉന്നമനങ്ങൾ ഉണ്ടാകുന്നതിനും സഹായകരമാണു്. എന്നാൽ നമ്മുടെ സ്റ്റേറ്റിൽ അത്തരത്തിലുള്ള ഒരു സ്ഥാപനം ഇല്ല. അതുകൊണ്ടു് ഇവിടെയും അത്തരത്തിലുള്ള സ്ഥാപനം ആരംഭിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : നമ്മുടെ സ്റ്റേറ്റിൽ ടൈബൽ റിസർച്ചു് ഇൻസ്റ്റിറ്റ്യൂഷന്റെ ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. ഒറീസാ, ആന്ധ്രാ തുടങ്ങിയ സ്റ്റേറ്റുകളിൽ ആകെ ജനസംഖ്യയുടെ ഭൂരിഭാഗവും ടൈബ്സാണു് ഉള്ളതു്. കേരളത്തിലാണെങ്കിൽ ആകപ്പാടെ രണ്ടുലക്ഷത്തോളം മാത്രമേ ടൈബ്സ് ഉള്ളൂ. അതുകൊണ്ടു് ഇത്രയും കുറച്ചു് ആളുകളുടെ ആവശ്യത്തിനുവേണ്ടി ഭീമമായ സംഖ്യ ചെലവഴിച്ചു് ഒരു ടൈബൽ റിസർച്ചു് ഇൻസ്റ്റിറ്റ്യൂഷൻ സ്ഥാപിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. കൃഷ്ണൻ : അട്ടപ്പാടിയിൽ ഗിരിവർഗ്ഗക്കാരുടെ ആവശ്യത്തിനുവേണ്ടി ഒരു റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിനുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുകയുണ്ടായി. എന്നാൽ അതു് ഇപ്പോൾ മറ്റൊരു ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയാണു്. ഗിരിവർഗ്ഗക്കാരുടെ ആവശ്യത്തിനുവേണ്ടി വിട്ടുകൊടുത്തു് ആ സ്കൂൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അട്ടപ്പാടിയിൽ ഗിരിവർഗ്ഗക്കാർക്കുവേണ്ടി ഒരു റസിഡൻഷ്യൽ സ്കൂൾ ഡവലപ്പ്മെൻറ് സ്കീമിൽ ഉൾപ്പെടുത്തി ഒരു കെട്ടിടം പണി നടത്തിയിട്ടുണ്ടു്. എന്നാൽ അവിടെയുള്ള മറ്റൊരു സ്കൂളിനു് കേടു സംഭവിച്ചതുകൊണ്ടു് ആ സ്കൂൾ ആ കെട്ടിടത്തിലേയ്ക്കു് മാറ്റുകയുണ്ടായി. ഈ ഏപ്രിലിൽതന്നെ അതു് ഹരിജൻ ഡിപ്പാർട്ടുമെൻറിലേക്കു് എടുത്തിട്ടുണ്ടു്. 1964–65–ൽ അവിടെ ഒരു റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതാണു്.

---

*Appendix I,

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഗിരിവർഗ്ഗക്കാരുടെ കൈവശം ഇരിക്കുന്ന ഭൂമികയും മറ്റുള്ളവർ കൈയേറ്റം നടത്തുന്നതായി ഇവാലുവേഷൻ കമ്മിറ്റിറിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ചു് എന്തെങ്കിലും നടപടികയും എടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഇവാലുവേഷൻ കമ്മിറ്റിറിയുടെ റിപ്പോർട്ടിലുള്ളതിനുപുറമേ, ട്രൈബൽ അഡ്വൈസറി ബോർഡും പലപ്പോഴും ഇക്കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. അതു തടയുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തിവരികയാണു്. അടുത്ത അസംബ്ലിയിൽത്തന്നെ ആ ബില്ലു് അവതരിപ്പിക്കാൻ കഴിയുമെന്നു് വിചാരിക്കുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : ട്രൈബൽ ബ്ലോക്കുകളുടെ പ്രവർത്തനം ആദിവാസികൾക്കു് സഹായകരമാക്കണമെന്നുണ്ടെങ്കിൽ അവരെ സ്ഥിരമായി എവിടെയെങ്കിലും കുടിയിരുത്തുകയാണു് പ്രാഥമികമായി ചെയ്യേണ്ടതെന്നുള്ള സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അട്ടപ്പാടിയിലുള്ള ആദിവാസികൾ മൂപ്പിൽനായരുടെ ഭൂമിയിൽ താമസിക്കുകയാണെങ്കിലും അവർക്കു് അതു സ്വന്തമായി കൊടുത്തിട്ടില്ല. ഈവക കാര്യങ്ങൾ മനസ്സിലാക്കി അവർക്കു് ആവശ്യമായ സംരക്ഷണനടപടികൾ എടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : മൂന്നുലക്ഷത്തിലധികം ഏക്കർ സ്ഥലം സ്വകാര്യ ഉടമകളിൽനിന്നും എടുത്തു് ആദിവാസികൾക്കു് എഴുതി കൊടുത്തിട്ടുണ്ടു്. കൂടാതെ ഗവണ്മെൻറുവക ചില ഫോറസ്റ്റുകളിൽ അവർ മാറിമാറി താമസിച്ചു് കൃഷിചെയ്യുവരുമുണ്ടു്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അട്ടപ്പാടിയിലെ ആദിവാസികൾക്കു് മൂപ്പിൽനായരുടെ വക സ്ഥലം പതിച്ചു കൊടുക്കുന്നതിനുവേണ്ടിയുള്ള നിയമനിർമ്മാണമാണു് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതു്. അടിയന്തിരമായിതന്നെ ആ നിയമനിർമ്മാണം കൊണ്ടുവരുന്നതാണു്.

ഇരുമ്പു്, ഉരുക്കു് കോട്ടാ

* 963 [2] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം സ്റ്റോറിലേക്കു് അനുവദിച്ചിട്ടുള്ള ഇരുമ്പു്, ഉരുക്കു് കോട്ടാ എത്രയാണു് ;

(ബി) ഇവിടെയുള്ള വ്യവസായങ്ങളുടെ ആവശ്യത്തിനു എത്ര വാങ്ങിവരുമെന്നു കണക്കാക്കിയിട്ടുണ്ടോ ;

(സി) തൊഴിലാളികളെ വച്ചു പണിയെടുപ്പിക്കുന്ന ഫാക്ടറികൾക്കു് ആവശ്യമായ കോട്ടാ കിട്ടുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതു കൂടുതൽ കിട്ടാൻ എന്തു നടപടികളെടുത്തിട്ടുണ്ടു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 1963–64-ൽ സ്റ്റോറിലേക്കു് ഇരുമ്പു്, ഉരുക്കു കോട്ടാ 2155 മെട്രിക്കു് ടൺ ആണു്.

(ബി) ഉണ്ടു്. ആറായിരം മെട്രിക്കു് ടൺ വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിട്ടുണ്ടു്.

(സി) ഇല്ല.

(ഡി) ഇക്കാര്യം ഇൻഡ്യാ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിട്ടുണ്ടു്. എന്നാൽ ദേശീയ അടിയന്തിരാവസ്ഥ നിലവിലുള്ളതുമൂലം കൂടുതൽ അലോട്ടുമെൻറു് നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to Starred Question No.* 962 (1)]

(എ) കേരളത്തിലെ ഗിരിവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഗവണ്മെൻറ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു:

1. വിദ്യാഭ്യാസ വിഷയത്തിൽ ഗവണ്മെൻറ് പലവിധത്തിലും പ്രോത്സാഹനം നൽകുന്നുണ്ട്. ഗിരിവർഗ്ഗക്കാരുടെ പിന്നോക്കനിലയെ പരിഗണിച്ച് അവർക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനായി മിഡിൽ സ്കൂളുകളിലും ഹൈസ്കൂളുകളിലും പഠിക്കുന്ന ഗിരിവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യത്തിനുപുറമേ മാസംതോറും അഞ്ചുമുതൽ 25 ഉറുപ്പികവരെ സ്റ്റൈപ്പെൻറ് നൽകുന്നുണ്ട്. കൂടാതെ ഇവർക്ക് താമസിച്ച് പഠിക്കുന്നതിന് ജി. ആർ. സി. സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. പ്രീ–യൂണിവേഴ്സിറ്റി തൊട്ടുള്ള ഉപരി വിദ്യാഭ്യാസം ചെയ്യുന്ന ഹരിജന ഗിരിവർഗ്ഗവിദ്യാർത്ഥികൾക്ക് ഗവണ്മെൻറിൽനിന്നും പ്രതിമാസം 45 ഉറുപ്പിക വീതം ക്ഷേണത്തിനും താമസസൗകര്യത്തിനുമായി സ്റ്റൈപ്പെൻറ് നൽകുന്നു. ഇൻജിനീയറിംഗ് കോളേജ്, മെഡിക്കൽ കോളേജ് മുതലായ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കു ഹോസ്റ്റലുകളിൽ വരുന്ന ചെലവ് ഗവണ്മെൻറ് വഹിക്കുന്നതാണ്. ഇവ കൂടാതെ ഈ കോളേജുകളിൽ പഠിക്കുന്ന ഓരോ വിദ്യാർത്ഥിക്കും പുസ്തകം, വസ്ത്രം തുടങ്ങിയ ആവശ്യങ്ങൾക്കായി 60 ക. മുതൽ 250 ക വരെ ധനസഹായം നൽകുന്നുണ്ട്. ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യങ്ങൾക്കുപുറമെ പോക്കറ്റ് മണിയായി 5 ക. വീതം നൽകുന്നു.

2. സ്ത്രീ വിദ്യാഭ്യാസം, കലാലയ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം മുതലായവപോലെതന്നെ ഗിരിവർഗ്ഗക്കാർക്ക് കൈത്തൊഴിൽ വിദ്യാഭ്യാസവും കൊടുക്കുന്നുണ്ട്. ആശാരിപ്പണി, ചൂരൽവേല, കൂട്ടനെയ്ത്ത്, പായ്നെയ്ത്ത് തുടങ്ങിയ കൈത്തൊഴിൽ കേന്ദ്രങ്ങളിൽ പഠിക്കുന്ന ഗിരിവർഗ്ഗവിദ്യാർത്ഥികൾക്ക് 25 ക. വീതം സ്റ്റൈപ്പെൻറ് നൽകിവരുന്നു.

3. ഗിരിവർഗ്ഗക്കാരുടെ സാമ്പത്തികപരാധീനതയെ ലക്ഷ്യംവച്ചുകൊണ്ട് അവരുടെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനു പരസ്പരസഹായസംഘങ്ങൾ രൂപീകരിച്ച് 5,000 ക. യോളം ഗ്രാൻറ് നൽകിവരുന്നു.

4. കൃഷിആയുധങ്ങളും വിത്തുകളും വാങ്ങുന്നതിനു പാവപ്പെട്ട ഗിരിവർഗ്ഗക്കാർക്ക് 300 ക. വച്ച് സാമ്പത്തികസഹായം നൽകുന്നുണ്ട്.

5. ജലക്ഷാമമുള്ള ടൈബൽ സെറ്റിൽമെൻറുകളിൽ ഗവണ്മെൻറ് വേണ്ടത്ര ജലവിതരണ പദ്ധതികളും സ്ഥാപിക്കുന്നുണ്ട്.

6. വനാന്തരങ്ങളിൽ താമസിക്കുന്ന ഗിരിവർഗ്ഗക്കാർക്ക് വൈദ്യസഹായം നൽകുന്നതിനായി മോബൈൽ മെഡിക്കൽ യൂണിറ്റുകളും, ബൈവീക്കിലി ഡിസ്പെൻസറികളും, ആയുർവ്വേദ ആശുപത്രികളും ഈ ഡിപ്പാർട്ടുമെൻറ് വകയായി പ്രവർത്തിക്കുന്നുണ്ട്.

7. അർഹരായ ഗിരിവർഗ്ഗക്കാർക്ക് 1,000 ക. വീതം വീട് വയ്ക്കുന്നതിനായി ധനസഹായം ചെയ്യുന്നുണ്ട്.

8. 3–ാം ഫാം പാസ്സായ ഗിരിവർഗ്ഗക്കാരുടെ പെൺകുട്ടികൾക്ക് മിഡ്വൈഫറി കോഴ്സിനു ഒരു പരിശീലനകേന്ദ്രം ഏർപ്പെടുത്തി.

(ബി) രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്ത് ഗിരിവർഗ്ഗക്കാർക്ക് താമസസൗകര്യങ്ങളോടുകൂടിയ താഴെപ്പറയുന്ന കോളനൈസേഷൻ പദ്ധതികളും ഹരിജനക്ഷേമവകുപ്പിൽനിന്ന് നടപ്പിലാക്കിയിട്ടുണ്ട്.

1. അച്ചൻകോവിൽ കോളനൈസേഷൻ സ്കീം.
2. മന്നാൻകണ്ടം ഡെവലപ്പ്മെൻറ് സ്കീം.
3. ചിങ്ങേരി എക്സ്റ്റൻഷൻ സ്കീം.
4. കണ്ണവം കോളനൈസേഷൻ സ്കീം.

LIBRARY ARCHIVES Kerala Legislative Assembly

5. പൈലറ്റ് സ്കീം, ഇടമല.
,, ചമ്പക്കാട്ട്.
,, കരിയാർകുട്ടി.
,, മുക്കാലി.

(സി) പൈലറ്റ് സ്കീമിൽ പൂത്തിയായ പദ്ധതികൾ.

1. ചമ്പക്കാട്ട് സ്കീമിൽ :

ലിഫ്റ്റ് ഇറിഗേഷൻ സ്കീം, പാലം പണി, വീടിന്റെ പണികൾ, പ്രൊവിഷൻ സ്റ്റോറുകൾ, സ്കൂൾ കെട്ടിടം, ആശുപത്രി കെട്ടിടം മുതലായവയും ഭൂമി കൃഷി ചെയ്യുന്നതിനു്, ലെവൽ ചെയ്യും തീർത്തിട്ടുണ്ടു്.

2. കരിയാർകുട്ടി സ്കീമിൽ :

വീടുപണികൾ, ആശുപത്രി കെട്ടിടം, സ്കൂൾ കെട്ടിടം, പ്രൊവിഷൻ സ്റ്റോറുകൾ, കിണറു് മുതലായവ തീർത്തിട്ടുണ്ടു്. കൂടാതെ വെള്ളാരയവയൽ കൃഷി ചെയ്യുന്നതിനു് ഉപയുക്തമാക്കിത്തീർത്തിട്ടുണ്ടു്.

3. ഇടമല സ്കീമിൽ :

സ്കൂൾ കെട്ടിടം പൂത്തിയായിട്ടുണ്ടു്. ഇതിൽ ഇടമല സ്കീമിലെ രണ്ടു് പാലങ്ങളും കരിയാർകുട്ടിയിലെ ഒരു പമ്പു സെറ്റിന്റെ പണിയും പൂത്തിയായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly